പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2251 08.07.2015 - ൽ മറുപടിയ്ക്ക്

## അവയവമാറ്റ ശസ്ത്രക്രിയ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ .എൻ .എ . നെല്ലിക്കുന്ന് :<br>ശ്രീ .റ്റി .എ . അഹമ്മദ് കബീർ :<br>ശ്രീ .സി . മമ്മൂട്ടി :<br>ശ്രീ . വി .എം . ഉമ്മർ മാസ്റ്റർ : | **ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് നിലവിലുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | കേരളത്തിൽ നിലവിൽ നാല് സർക്കാർ മെഡിക്കൽ കോളേജുകളിൽ ആണ് ഇപ്പോൾ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്യുന്നത്. ഈ മെഡിക്കൽ കോളേജുകളിൽ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി ഓപ്പറേഷൻ തീയറ്ററുകൾ, ഡയാലിസിസ് യൂണിറ്റുകൾ, ട്രാൻസ് പ്ലാന്റ് ഐ.സി.യു. എന്നീ സൗകര്യങ്ങൾ ഉണ്ട്. ആദ്യ കരൾമാറ്റ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തുടങ്ങാൻ തീരുമാനിക്കുകയും അതിനായുള്ള എല്ലാ സൗകര്യങ്ങളും സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ലിവർ ട്രാൻസ് പ്ലാന്റേഷൻ സൗകര്യം ഇല്ലാത്ത മെഡിക്കൽ കോളേജുകളിൽ ആയതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ;<br>(സി) അവയവമാറ്റ ശസ്ത്രക്രിയകൾക്ക് അനിവാര്യമായ ആധുനിക അടിസ്ഥാന സൗകര്യങ്ങളും യന്ത്രസാമഗ്രികളും ഏർപ്പെടുത്തുന്നതിനും ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുമുള്ള സമഗ്രപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ? | (ബി)&(സി) ഇത്തരമൊരു സമഗ്ര പദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമെന്നോണം തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കരൾമാറ്റ ശസ്ത്രക്രിയാപദ്ധതിക്കുള്ള ക്രമീകരണങ്ങൾ പൂർത്തിയായിവരുന്നു. |

സെക്ഷൻ ഓഫീസർ